FIN B1 - 2/19.

# പരിശോധനാ റിപ്പോർട്ട്

## നെടുങ്കണ്ടം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് , ഇടുക്കി ജില്ല.

പരിശോധനാ കാലയളവ് : 01.04.2011 മുതൽ 31.03.2015 വരെ
പരിശോധനാ തീയതി : 12.11.2018 മുതൽ 17.11.2018 വരെ
പരിശോധനാ വിഭാഗം : ഫിൻ 'ഡി'
സീനിയർ സൂപ്രണ്ട് : കെ.എൻ. സുദർശനൻ ആചാരി
സീനിയർ ക്ലാർക്ക് : എം.എ. നിദീഷ്

### പരിശോധനാ കാലയളവിൽ ഓഫീസ് മേധാവികളായിരുന്നവർ

| ക്രമ നമ്പർ | പേര് | കാലയളവ് | പെൻനമ്പർ |
|---|---|---|---|
| 1. | ശ്രീ. എസ്. ദിലീപ് | 01.04.2011 മുതൽ 04.07.2011 വരെ | 455086 |
| 2. | ശ്രീ. എൻ.എം. പ്രേംകുമാർ | 05.07.2011 മുതൽ 15.06.2014 വരെ | 226543 |
| 3. | ശ്രീ. പി.ബി. ബാബു | 16.06.2014 മുതൽ തുടരുന്നു | 226539 |

## ഭാഗം I

### I. ആമുഖം

#### എ. അക്കൗണ്ട് ജനറലിന്റെ പരിശോധന

2014-15 വർഷത്തെ കണക്കുകൾ പരിശോധിച്ചു No.OA HQ/N/11/12-174/2014-15/517/ തീയതി 04.11.2016 പ്രകാരം റിപ്പോർട്ട് നൽകിയതിൽ അവശേഷിച്ചിരുന്ന ഭവന നിർമ്മാണം സംബന്ധിച്ച ഖണ്ഡികയ്ക്കു 2017 ജൂലൈ 10,11 തീയതികളിൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ വച്ചു നടന്ന അദാലത്തിൽ തീർപ്പാക്കിയിട്ടുള്ളതായി OA (HQ) IV/11/SCSTDD/ACM/17-18 തീയതി 25.07.2017 പ്രകാരം അറിയിച്ചിട്ടുണ്ട്.

#### ബി. വകുപ്പുതല പരിശോധന

01.04.2007 മുതൽ 31.03.2011 വരെയുള്ള കാലയളവിലെ പരിശോധന കുറിപ്പിൽ അവശേഷിക്കുന്നതായി ഡയറക്ടറേറ്റിലെ ഫിൻ ബി2-6301/12 തീയതി 25.04.2015 കത്തു പ്രകാരം ക്യാഷ് ബുക്ക് ബിൽ ബുക്ക്, പാരലൽ കോളേജ് ധനസഹായം എന്നീ ഖണ്ഡികകളുടെ ന്യൂനത പരിഹരിച്ചു മറുപടി ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിരുന്നതിനു 11.09.2015 ലെ എൻ 54/12 കത്തു പ്രകാരം മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി അംഗീകരിച്ചു ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കി ഫയൽ തീർപ്പാക്കേണ്ടതാണ്.

#### സി. ഫീൽഡുതല പരിശോധന

സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ.എം. മുഹമ്മദ് ഹാരിസിന്റെ നേതൃത്വത്തിൽ നടത്തി.

**പ്രീമെട്രിക് ഹോസ്റ്റൽ**

നെടുങ്കണ്ടം പഞ്ചായത്തിൽ പെൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു ഉദ്ഘാടനം നടത്തിയിട്ടുണ്ട്. വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും ലഭ്യമായിട്ടുണ്ട്. ഫർണിച്ചറുകളും മറ്റുപകരണങ്ങളും ലഭ്യമായിട്ടില്ല. ഇവ ലഭ്യമാക്കി അടുത്ത അദ്ധ്യയന വർഷം മുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

**വസ്തുവും വീടും**

2017-18 വർഷം വസ്തുവും വീടും അനുവദിച്ച

1. ശ്രീമതി. ആതിര ജയ്മോൻ, ഉഴുന്നുതറയിൽ, നെടുങ്കണ്ടം
2. ശ്രീമതി. ശ്യാമള, കാഞ്ഞിരക്കാട്, നെടുങ്കണ്ടം
3. ശ്രീമതി. ജയലക്ഷ്മി, കൊടുമുട്ടാറ്റിൽ, രാമക്കൽമേട്

എന്നിവരുടെ വസ്തുവും വീടും പരിശോധിച്ചു നിർമ്മാണം വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പൂർത്തീകരിച്ചിട്ടുണ്ട്.

**ഭവന നിർമ്മാണം(2016-17)**

ശ്രീമതി. ആഷാരാജൻ, പുതുപ്പള്ളിമറ്റം. രാമക്കൽമേട്(പി.ഒ) കോമ്പൗണ്ട് എന്നയാളിന്റെ എന്നയാളിന്റെ ഭവന നിർമ്മാണം പരിശോധിച്ചു. മേൽക്കൂരയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**കോർപ്പസ് ഫണ്ട്**

ചക്കക്കാനം അംബേദ്കർ കോളനിയിൽ 2016-17 വർഷം നടത്തിയ റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണവും ഐറീഷ് കോൺക്രീറ്റിംഗും പരിശോധിച്ചു ടി നിർമ്മാണ പ്രവർത്തികൾ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗക്കാരുടെ സ്ഥിതി വിവരങ്ങൾ**

നെടുങ്കണ്ടം ബ്ലോക്കിന്റെ പരിധിയിൽ 1. കരുണാപുരം, 2. നെടുങ്കണ്ടം, 3. പാമ്പാടും പാറ, 4. ഉടുമ്പൻ ചോല, 5. സേനാപതി, 6. രാജകുമാരി, 7. രാജക്കാട് എന്നിങ്ങനെ ഏഴു ഗ്രാമ പഞ്ചായത്തുകളാണ് ഉള്ളത്. ബ്ലോക്കിലെ ജനസംഖ്യ (പട്ടികജാതി) 9665 ആണ്. ഇതിൽ 4827 പേർ പുരുഷൻമാരും 4838 പേർ സ്ത്രീകളുമാണ്. ആകെ കുടുംബങ്ങളുടെ എണ്ണം 2569 ആണ്. 100 കുടുംബങ്ങൾ ഭവന രഹിതരും 266 കുടുംബങ്ങൾ ഭൂരഹിതരും ഭവനരഹിതരുമാണ്. റോഡ് സൗകര്യം ലഭ്യമായ കുടുംബങ്ങൾ 1576 ഉം കുടിവെള്ളം ലഭ്യമായ കുടുംബങ്ങൾ 2548 ഉം വൈദ്യുതി ലഭ്യമായ 1974 കുടുംബങ്ങളും ഉണ്ട്. ബ്ലോക്ക് പരിധിയിൽ 36 കോളനികളും 144 സങ്കേതങ്ങളും ഉണ്ട്. ആകെ ജനസംഖ്യയിൽ 1640 പേർ നിരക്ഷരരാണ്. ആളുകൾ തോട്ടം മേഖലയിലും കാർഷിക മേഖലയിലും പൊതുവെ തൊഴിൽ ചെയ്യുന്നവരാണ്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്.

വകുപ്പിന്റെ ഉടമസ്ഥതയിൽ രാജക്കാട് ഗ്രാമ പഞ്ചായത്തിൽ 187/51, 52-1, 52-3 എന്നീ സർവ്വേ നമ്പരുകളിൽ 90 സെന്റ് ഭൂമി ഉണ്ട്. അതു ഗുണപരമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

ഭാഗം II

## 'ക്യാഷ് ബുക്ക്/ബിൽ ബുക്ക്

1. ക്യാഷ് ബുക്ക്, അക്കൗണ്ട് രജിസ്റ്റർ, ഷെഡ്യൂൾ എന്നിവയിൽ ഒരു സർക്കാർ ജീവനക്കാരൻ മായിച്ചുകളയൽ (Eraser), over writing എന്നിവ വരുത്താൻ പാടില്ലാത്തതാകുന്നു. ഏതെങ്കിലും കാരണവശാൽ തെറ്റ് തിരുത്തേണ്ടതായി വന്നാൽ ആയത് വെട്ടി ചുവന്ന മഷിയിൽ ശരി രേഖപ്പെടുത്തി ഓഫീസ് മേധാവി തീയതിയോടുകൂടി ഇനീഷ്യൽ ചെയ്യേണ്ടതാണ് എന്നിരിക്കെ ടി ഓഫീസിലെ ക്യാഷ് ബുക്ക്, ബിൽ ബുക്ക് എന്നിവയിൽ whitener ഉപയോഗിച്ച് മായ്ച് കളയൽ നടത്തിയിട്ടുള്ളതായി കാണുന്നു. കൂടാതെ തിരുത്തലുകളിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ഉദാഹരണം 23.02.2011 മുതലുള്ള ക്യാഷ് ബുക്ക് പേജ് നമ്പർ 79, 87, 98, 12.12.2011 മുതലുള്ള ക്യാഷ് ബുക്ക് പേജ് നമ്പർ 5, 60, 01.02.2014 മുതലുള്ള ക്യാഷ് ബുക്ക് പേജ് നമ്പർ 44, 99, 2011-12 ബിൽ ബുക്ക് പേജ് നമ്പർ 17, 2012-13 ബിൽ ബുക്ക് പേജ് നമ്പർ 5.

മേൽ സൂചിപ്പിച്ചിട്ടുള്ള വീഴ്ച ആവർത്തിക്കാതിരിക്കുവാൻ ഓഫീസ് മേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. [See Rule 210(c) Part V of KTC Vol 1/ Art.336 of KFC Vol I]

2. ബിൽ നമ്പർ 129/11-12 wages for 5/11 പ്രകാരം 2000/- രൂപയുടെ ബിൽ 30.05.2011 തീയതിയിൽ ട്രഷറിയിൽ സമർപ്പിച്ചിരിക്കുന്നു. ടി ബിൽ objection ആയതായോ പാസായതായോ രേഖപ്പെടുത്തിയിട്ടില്ല. അക്വിറ്റൻസ് പ്രകാരം വിതരണം ചെയ്തിട്ടില്ല എന്നാൽ ടി ബിൽ ഒബ്ജക്ഷൻ നീക്കി വീണ്ടും സമർപ്പിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
3. താഴെ പറയുന്ന ബില്ലുകൾ ട്രഷറി ഓഫീസർ നിരസിച്ചതായോ പാസാക്കിയതായോ വ്യക്തമല്ലാത്തതിനാൽ ടി ബില്ലുകൾ ട്രഷറി രേഖകളുമായി ഒത്തു നോക്കി വ്യക്തത വരുത്തേണ്ടതും നിജ സ്ഥിതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | CB-831/11-12 | 10.02.2012 | 300000 |
| 2. | CB-324/12-13 | 14.09.2012 | 150000 |
| 3. | CB-768/12-13 | 11.03.2013 | 300000 |

4. ടി ഓഫീസിലെ ക്യാഷ് ബുക്ക് പരിശോധിച്ചതിൽ 27.06.2014 മുതലുള്ള രേഖപ്പെടുത്തലുകളിൽ ക്യാഷ് ബുക്കിലെ 'foot note' ൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

5. ബിൽ നമ്പർ GPF-444/14-15 തീയതി 24.10.2014 പ്രകാരം 98400/- രൂപ തേർച്ച ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ് ബുക്കിൽ ആയത് വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല. വിശദീകരിക്കേണ്ടതാണ്.

## അക്വിറ്റൻസ് രജിസ്റ്റർ (എസ്റ്റാബ്ലിഷ്മെന്റ്)

1. രജിസ്റ്ററിൽ whitener ഉപയോഗിച്ച് മായ്ച് കളഞ്ഞിട്ടുള്ളതായി കാണുന്നു. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഉദാഹരണം : EPB 432/11-12 തീയതി 04.10.2011 പ്രകാരം മാറിയ 28403 രൂപയുടെ വിതരണം.
2. Rule 432(d) of KTC Vol. I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## അക്വിറ്റൻസ് രജിസ്റ്റർ (പ്രൊമോട്ടേഴ്സ്)

1. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതികളിൽ വിതരണം നടത്തുമ്പോൾ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2. ബിൽ നമ്പർ, തീയതി, ആകെ തുക, തുക വിതരണം ചെയ്ത തീയതി, തുടങ്ങിയ എല്ലാ രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2015 ജനുവരി മാസത്തെ തുക വിതരണത്തിൽ മേൽപ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ തുക കൈപ്പറ്റുന്ന ജീവനക്കാർ ഒപ്പിടുമ്പോൾ തീയതി രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുമ്പോൾ തീയതി ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.
3. Rule 432(d) of KTC Vol.I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.

   ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## അക്വിറ്റൻസ് രജിസ്റ്റർ (കാഷ്വൽ സ്വീപ്പർ)

1. രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

## അക്വിറ്റൻസ് രജിസ്റ്റർ (അപ്രന്റീസ് ക്ലർക്ക്)

1. 10/2014 മുതൽ രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ബാങ്ക് മുഖേന തുക വിതരണം നടത്തുന്നതായ സാഹചര്യത്തിൽ 'SPARK' ൽ നിന്നും 'Credit Confirmation Data'യുടെ Print Out എടുത്ത് രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതും കണക്കു പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. [GO(P)No.138/2016/Fin Dated 23.09.2016]

## TR-5 രസീത്/സ്റ്റോക്ക് രജിസ്റ്റർ

1. പുതിയ രീതിയിലുള്ള (Centralised Numbering System) TR-5 ഉപയോഗിച്ചു വരുന്നു. പരിശോധനാ കാലയളവിൽ ടി രസീത് (ബുക്ക് നമ്പർ 07278) മുഖേന സാമ്പത്തിക ഇടപാട് നടത്തിയതായി കാണുന്നില്ല.

2. സ്റ്റോക് രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്റ്റോക് രജിസ്റ്റർ ലഭ്യമാക്കി ഉപയോഗത്തിലെടുക്കേണ്ടതാണ്. പഴയ രീതിയിലുള്ള TR-5 ബുക്കിലെ ഉപയോഗിക്കാത്ത രസീതുകൾ നിയമാനുസൃതം നശിപ്പിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ സ്റ്റോക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

[GO(P)No.213/2013/Fin dated 09.05.2013]

<u>ചലാൻ ഫയൽ</u>

1. ചലാൻ ഫയൽ പരിപാലിച്ചു വരുന്നു. എന്നാൽ ചലാനുകൾ തീയതി ക്രമത്തിൽ നിർദ്ദിഷ്ട മാതൃകയിൽ ഫയലിൽ പതിപ്പിച്ചു പരിപാലിക്കുന്നില്ല. അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>സി.ആർ.ഡി.ആർ</u>

1. രജിസ്റ്റർ പരിപാലിക്കുന്നു. എന്നാൽ നിർദ്ദിഷ്ട മാതൃകയിലുള്ള (form 27A) രജിസ്റ്റർ പരിപാലിക്കുന്നില്ല.
2. രജിസ്റ്റർ പരിശോധിച്ചതിൽ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും വിവിധ പദ്ധതി ഇനത്തിൽ വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച തുകകൾ രേഖപ്പെടുത്തുകയും ആയതിനു നേരെ പട്ടികജാതി വികസന ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. അതേ പ്രകാരം തന്നെ ലംപ്സംഗ്രാന്റ് പദ്ധതി ഇനത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട സ്കൂൾ അധികൃതരിൽ നിന്നും കൈപ്പറ്റുകയും പട്ടികജാതി വികസന ഓഫീസർ തന്നെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ടി തുകകൾ ഒത്തുനോക്കുന്നതിന് മറ്റ് രജിസ്റ്ററുകൾ/വൗച്ചറുകൾ ലഭ്യമല്ല. ആയതിനാൽ ടി രജിസ്റ്റർ ആധികാരികമായി കണക്കാക്കാവുന്നതല്ല. മേൽ സാഹചര്യത്തിൽ രജിസ്റ്റർ പ്രകാരം ജില്ലാ ഓഫീസിൽ നിന്നും സ്വീകരിച്ച തുകകൾ ജില്ലാ ഓഫീസിലെ ബന്ധപ്പെട്ട രജിസ്റ്ററുമായി ഒത്തുനോക്കി വ്യക്തത വരുത്തേണ്ടതും, വിവിധ സ്കൂളുകളിൽ നിന്നും സ്വീകരിച്ച തുകകൾ സ്കൂൾ രേഖകളുമായി പരിശോധിക്കേണ്ടതും നിജസ്ഥിതി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.
3. രജിസ്റ്റർ പ്രകാരം ലംപ്സംഗ്രാന്റ് ഇനത്തിലുള്ള വരവ്/ചെലവുകൾ പരിശോധിച്ചതിൽ ഗൗരവതരമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഉദാഹരണത്തിന് 21.07.2012, 30.07.2012 എന്നീ തീയതികളിൽ വരവ് 20350, ചെലവ് 24145 അതായത് 3795 രൂപയുടെ വ്യത്യാസം അതേ പ്രകാരം 18.03.2014 തീയതിയിൽ SNVHS, NR City എന്ന സ്കൂളിൽ നിന്നും 6500 രൂപ സ്വീകരിച്ചതായി കാണുന്നു. എന്നാൽ ടി തുക വിതരണം ചെയ്തതായോ തിരിച്ചടച്ചതായോ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരിയ്ക്കേണ്ടതാണ്
4. രജിസ്റ്റർ പ്രകാരം ലംപ്സംഗ്രാന്റ് ഇനത്തിൽ 18.03.2014 തീയതി വരെ ആകെ 114600/-രൂപ സ്വീകരിക്കുകയും 126700/- രൂപ വിതരണം ചെയ്തതായും കാണുന്നു. അതായത് 12100/- രൂപ അധികമായി വിതരണം ചെയ്തിരിക്കുന്നു. ആയതിൽ നിന്നും ഈ രജിസ്റ്റർ ഗൗരവതരമായിട്ടല്ല പരിപാലിച്ചത് എന്ന് കാണുന്നു. പട്ടികജാതി വികസന ഓഫീസർ ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

അകിറ്റൻസ് രജിസ്റ്റർ (ടോയ്‌ലറ്റ്)

1. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.
2. Rule 432(d) of KTC Vol.I പ്രകാരമുള്ള സാക്ഷ്യപത്രം രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
3. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്യുമ്പോൾ തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തണമെന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
4. രജിസ്റ്റർ പ്രകാരമുള്ള തുക വിതരണവും ക്യാഷ് ബുക്കിലെ ചെലവും തമ്മിൽ ഒത്തുനോക്കുവാൻ സാധിക്കാത്ത നിലയിലാണ് രജിസ്റ്റർ പരിപാലിച്ചു വരുന്നത്. ടി സാഹചര്യത്തിൽ രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

അകിറ്റൻസ് രജിസ്റ്റർ (മിശ്രവിവാഹ ധനസഹായം)

1. CB-261/11-12 തീയതി 09.08.2011 പ്രകാരം ടി പദ്ധതി ഇനത്തിൽ മാറിയ 50000/- രൂപ 06.09.2011, 15.10.2011 എന്നീ തീയതികളിൽ ഗുണഭോക്താവിന് 25000/- രൂപ വീതം രണ്ട് ഗഡുക്കളായി ആകെ 50000/-(അമ്പതിനായിരം രൂപ) വിതരണം ചെയ്തതായി കാണുന്നു. ഇപ്രകാരം രണ്ട് ഗഡുക്കളായി തുക വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
2. രജിസ്റ്റർ പേജ് നമ്പർ 53, ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ RC 3182/13 തീയതി 17.05.2014 പ്രകാരം മാറിയ 50000/- രൂപയുടെ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി തുകയുടെ ക്യാഷ് ബുക്കിലെ ചെലവ് വ്യക്തമല്ല. വിശദീകരണം നൽകേണ്ടതാണ്.

അകിറ്റൻസ് രജിസ്റ്റർ (അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്)

1. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതികളിൽ വിതരണം ചെയ്യുമ്പോൾ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തണമെന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. കൂടാതെ തുക കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഒപ്പിടുമ്പോൾ തീയതി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. അകിറ്റൻസ് രജിസ്റ്റർ ക്യാഷ് ബുക്കുമായി ഒത്തുനോക്കത്തക്ക വിധം എല്ലാ രേഖപ്പെടുത്തലുകളും ഉൾപ്പെടുത്തി പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണം, രജിസ്റ്റർ പേജ് നമ്പർ 13, CB-499/13-14 തീയതി 18.12.2013 പ്രകാരം മാറിയ 24000/- രൂപയുടെ വിതരണം ക്യാഷ് ബുക്കുമായി ഒത്തുനോക്കാൻ സാധിക്കാത്ത വിധം അപൂർണ്ണമാണെന്നു കാണുന്നു. ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അകിറ്റൻസ് രജിസ്റ്റർ (ചികിത്സാ ധനസഹായം)

1. രജിസ്റ്ററിൽ തുക വിതരണം പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഒരേ ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതിയിൽ വിതരണം ചെയ്യുമ്പോൾ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല.
3. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഉത്തരവ് നമ്പർ R&M (TG) 3325/13 തീയതി 28.06.2014 പ്രകാരം ടി പദ്ധതിയ്ക്കായി അനുവദിച്ച 540000/- രൂപയുടെ വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ 120000/- രൂപ വിതരണം ചെയ്യാതെ അവശേഷിച്ചിരുന്നതായും ടി തുകയിൽ 70000/- രൂപ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിനും 50000/- രൂപ ജില്ലാ പട്ടികജാതി വികസന ഓഫീസ്, കോട്ടയം -ത്തിനും കൈമാറിയതായി കാണുന്നു. എന്നാൽ ആയത് സംബന്ധിച്ച രസീത്/അക്വിറ്റൻസ് ലഭ്യമായിട്ടില്ല. മേൽ ഓഫീസുകളിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>അക്വിറ്റൻസ് രജിസ്റ്റർ (പാരലൽ കോളേജ്)</u>

1. രജിസ്റ്ററിൽ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തുകയോ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല.
2. വിദ്യാർത്ഥികൾ രസീത് മുഖേന തുക കൈപ്പറ്റി വരുന്നു. രജിസ്റ്റർ, രസീത് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു. ആയത് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
    a. രസീത് നമ്പർ 8 പ്രകാരം ജിഷാജോസ്, കോളത്ത് അരിവിളംചാൽ (P.O) എന്ന കുട്ടിക്ക് 7050/- രൂപ 03.06.2014 വിതരണം ചെയ്തിരിക്കുന്നു. എന്നാൽ രജിസ്റ്ററിൽ 7650/- രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത് 600/- രൂപ അധികമായി ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരിക്കേണ്ടതാണ്.
    b. രജിസ്റ്റർ പേജ് നമ്പർ 27, സീരിയൽ നമ്പർ 11, കെസിയ യേശുദാസ് DD No. 480897, തീയതി 23.05.2014 പ്രകാരം 7050/- രൂപ കൈപ്പറ്റിയിരിക്കുന്നു. എന്നാൽ രസീതി പരിശോധിച്ചതിൽ മേൽ DD പ്രകാരം 6761/- രൂപ മാത്രം കൈപ്പറ്റിയിരിക്കുന്നു. അതായത് 289/- രൂപയുടെ കുറവ് വന്നിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.
    c. രസീത് നമ്പർ 31 ൽ DD No. 480552, തീയതി 23.05.2014 പ്രകാരം 6725/- രൂപ ഒരു വിദ്യാർത്ഥി കൈപ്പറ്റിയതായി കാണുന്നു. എന്നാൽ പേര് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

<u>ട്യൂഷൻ ഫീ റീ ഇംബേഴ്സ്മെന്റ് (അക്വിറ്റൻസ് രജിസ്റ്റർ)</u>

1. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല.
2. Rule 432(d) of KTC Vol.I പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം III

### പദ്ധതികൾ

### എ. ഭൂരഹിത പുനരധിവാസ പദ്ധതി

**2011-12**

ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 26.09.2011 ലെ ഡി-2290/11 പ്രകാരം 21 കുടുംബങ്ങൾക്കു 1,50,000 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ആയതിലേക്ക് 31,50,000 (മുപ്പത്തി ഒന്നു ലക്ഷത്തി അമ്പതിനായിരം ) രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ രജിസ്റ്റർ പ്രത്യേകം പരിപാലിച്ചിട്ടില്ല. അക്വിറ്റൻസ് രജിസ്റ്ററിൽ മതിൽ വിവരങ്ങൾ ചേർത്തിട്ടില്ല. കരാർ ഉടമ്പടി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**2012-13**

ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 02.03.2013 ലെ ഉത്തരവ് നമ്പർ ഡി-2905/12 പ്രകാരം 35 ഗുണഭോക്താക്കൾക്കു 1,50,000 രൂപ നിരക്കിൽ ധന സഹായം അനുവദിച്ചു. ആയതിലേക്ക് 52,50,000 (അമ്പത്തിരണ്ടു ലക്ഷത്തി അമ്പതിനായിരം) രൂപ ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നു. കരാർ ഉടമ്പടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ഗുണഭോക്താക്കൾ വാങ്ങിയ വസ്തുവിന്റെ രേഖകളും ബാധ്യത സർട്ടിഫിക്കറ്റും വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

ഉദാഹരണം :-

1. ശ്രീമതി. തങ്കമ്മ രവി, പതി സദനം നെടുങ്കണ്ടം.
2. ശ്രീമതി. ഓമന. അല്ലെ പയ്ക്കൽ. നെടുങ്കണ്ടം.

ന്യൂനതകൾ പരിഹരിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**2013-14**

ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 09.10.2013 ലെ ആർ 3523/13 പ്രകാരം 18 ഗുണഭോക്താക്കൾ 1,50,000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ആയതിലേക്ക് 27,00,000/-(ഇരുപത്തി ഏഴു ലക്ഷം) രൂപ ചെലവഴിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ടു ചെയ്യേണ്ടതാണ്

**2014-15**

2014-15 വർഷം 13 ഗുണഭോക്താക്കൾക്ക് 375000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ആയതിലേക്ക് 48,75000/- (നാൽപ്പത്തിഎട്ടു ലക്ഷത്തി എഴുപത്തിഅയ്യായിരം) രൂപ ചെലവഴിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചതു സംബന്ധിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. കരാർ ഉടമ്പടി എഴുതി സൂക്ഷിച്ചിട്ടില്ല. ചില അപേക്ഷകളിൽ നിയമാനുസൃത അവകാശിയുടെ പേര് വിവരം ചേർത്തുകാണുന്നില്ല. അതുപോലെ പൂർണ്ണമായും പൂരിപ്പിക്കുന്നുമില്ല.

ഉദാഹരണം :-

1. ചിലു. കെ.എസ്. ഇടശ്ശേരിയിൽ, നെടുങ്കണ്ടം
2. ഇ.കെ. വാസുദേവൻ. ഇടക്കടവിൽ, നെടുങ്കണ്ടം

മേൽ ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ബി. മിശ്ര വിവാഹ ധനസഹായം**

പരിശോധനാ കാലയളവിൽ മിശ്ര വിവാഹ ധനസഹായ പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച ധന സഹായ തുക |
|---|---|---|
| 2011-12 | 7 | 2,60,000 |
| 2012-13 | 20 | 10,00.000 |
| 2013-14 | 4 | 2,00,000 |
| 2014-15 | 4 | 2,00,000 |

പരിശോധനാ കാലയളവിലെ ഗുണഭോക്തൃ രജിസ്റ്റർ ക്രമമായി പരിപാലിച്ചതായി കാണുന്നില്ല. കരാർ ഉടമ്പടി ടി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ ന്യൂനതകൾ പരിഹരിച്ചും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**സി. സ്വയം തൊഴിൽ പദ്ധതി**

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ബാങ്ക് അനുവദിക്കുന്ന വായ്പ തുകയുടെ 1/3 ഭാഗം സബ്സിഡി അനുവദിക്കുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക |
|---|---|---|
| 2011-12 | [illegible] | 120833 |
| 2012-13 | [illegible] | 221666 |
| 2013-14 | ഇല്ല | ഇല്ല |
| 2014-15 | [illegible] | 1,54,332 |

ഗുണഭോക്തൃ രജിസ്റ്റർ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഡി. വിദേശ തൊഴിൽ**

വിദേശത്തു തൊഴിൽ തേടുന്നവർക്ക് ആയതിലേക്ക് ചെലവുകൾ വഹിക്കുന്നതിനു ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതായി കാണുന്നില്ല.

## ഇ. വിവാഹ ധനസഹായം

പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനു രക്ഷകർത്താക്കൾക്കു ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 28 | 5,60,000 |
| 2012-13 | 14 | 2,80,000 |
| 2013-14 | 17 | 8,50,000 |
| 2014-15 | 26 | 1,3,00,000 |

പരിശോധനാ കാലയളവിലെ ഗുണഭോക്തൃ രജിസ്റ്റർ തൃപ്തികരമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. മറ്റു പരാമർശങ്ങൾ ഇല്ല.

## എഫ്. ചികിത്സാ ധനസഹായം

മാരക രോഗങ്ങൾ ബാധിച്ചവർക്ക് മെച്ചപ്പെട്ട ചികിത്സ നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2011-12 | 09 | 39,000 |
| 2012-13 | 06 | 51,500 |
| 2013-14 | 17 | 4,70,000 |
| 2014-15 | 56 | 13,95,000 |

വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ജി. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2014-15 വർഷം അനുവദിച്ചതും പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലുള്ള ഘട്ടങ്ങളും ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | നിലവിൽ പൂർത്തീകരിച്ചത് | ബാക്കി | പൂർത്തീകരിക്കുവാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 71 | 69 | 02 | 01 | 01 | 0 |
| 2008-09 | 93 | 90 | 03 | 0 | 01 | 02 |
| 2009-10 | 50 | 44 | 06 | 01 | 02 | 03 |

| | | | | | | |
|---|---|---|---|---|---|---|
| 2010-11 | 16 | 15 | 01 | 0 | 01 | 0 |
| 2011-12 | 15 | 15 | 0 | 0 | 0 | 0 |
| 2012-13 | 20 | 18 | 02 | 0 | 0 | 02 |
| 2013-14 | 23 | 17 | 06 | 0 | 03 | 03 |
| 2014-15 | 16 | 13 | 03 | 0 | 0 | 03 |
| ആകെ | 304 | 281 | 23 | 02 | 08 | 13 |

പൂർത്തീകരിക്കുവാനുള്ള വീടുകൾ പൂർത്തീകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പൂർത്തിയായവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എച്ച്. ടോയ്‌ലറ്റ് നിർമ്മാണം.

ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ച എണ്ണം | പൂർത്തീകരിച്ചത് | അനുവദിച്ച ധനസഹായം |
|---|---|---|---|
| 2012-13 | 130 | 130 | 3250000 |
| 2013-14 | 98 | 98 | 2450000 |
| 2014-15 | 39 | 39 | 975000 |
| ആകെ | 267 | 267 | 6675000 |

വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഐ. ഭവന പുനഃരുദ്ധാരണം

അഞ്ച് വർഷത്തിലധികം പഴക്കമുള്ളതും പുനഃരുദ്ധാരണ പ്രവർത്തികൾ ആവശ്യമുള്ളതുമായ ഭവനങ്ങളുടെ പുനഃരുദ്ധാരണം നടത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം തുക അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാനുള്ളത് | ചെലവഴിച്ചത് |
|---|---|---|---|---|
| 2013-14 | 27 | 26 | 1 | 1300000 (26 X 50000)<br>25000 (25000 X 1) |
| 2014-15 | 21 | 19 | 2 | 950000 (50000 X 19)<br>50000 (25000 X 2) |
| ആകെ | 48 | 45 | 3 | 2325000 |

പൂർത്തീകരിക്കാത്ത മൂന്നു ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## വിദ്യാഭ്യാസ പദ്ധതികൾ

### എ. ലംപ്സംഗ്രാന്റ് വിതരണം

നെടുങ്കണ്ടം ബ്ലോക്ക് പരിധിയിൽ എൽ.പി. സ്കൂൾ 19, യു.പി. സ്കൂൾ 11, ഹൈസ്കൂൾ 16, എം.ജി.എൽ.സി 2. എന്നിങ്ങനെ 48 സ്കൂളുകൾ ഉണ്ട്. ഈ സകൂളുകളിൽ പരിശോധന കാലയളവിൽ ലംപ്സംഗ്രാന്റ് വിതരണം നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി വിഭാഗം കുട്ടികളുടെ എണ്ണം | പട്ടികജാതി വിഭാഗം കുട്ടികൾക്ക് അനുവദിച്ച തുക | മറ്റർഹ വിഭാഗം കുട്ടികളുടെ എണ്ണം | മറ്റർഹ വിഭാഗം കുട്ടികൾക്ക് അനുവദിച്ച തുക |
|---|---|---|---|---|
| 2011-12 | 1275 | 321125 | 1326 | 343410 |
| 2012-13 | 1243 | 826245 | 1279 | 711750 |
| 2013-14 | 1168 | 6595[illegible]0 | 1265 | 674625 |
| 2014-15 | 1228 | 6235[illegible] | 1223 | 637000 |

പരിശോധനാ കാലയളവിൽ ലംപ്സംഗ്രാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. സ്ഥാപന മേധാവികൾ വിതരണത്തിന് നൽകുന്നതിൽ ബാക്കി വരുന്ന തുകകൾ തിരിച്ചടച്ചു ഹാജരാക്കുന്ന ചലാൻ രസീതിന്റെ വിവരങ്ങൾ കൂടി രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### ബി. പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്

1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപ നിരക്കിൽ വാർഷിക ഗ്രാന്റായി അനുവദിക്കുന്ന പദ്ധതി പ്രകാരം 2014-15 വർഷം 386 വിദ്യാർത്ഥികൾക്ക് 7,72,000/- രൂപ വിതരണം ചെയ്തു. വിവരം രജിസ്റ്ററിൽ ചേർത്തു സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### സി. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് സ്കീം

4, 7 ക്ലാസുകളിലെ വിദ്യാർത്ഥികളിൽ വാർഷിക പരീക്ഷയിൽ മികച്ച ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് 1 -ാം ക്ലാസ് വരെ പ്രതിവർഷം 4500 രൂപ നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം പരിശോധന കാലയളവിൽ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ധനസഹായം അനുവദിച്ച കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 36 | 160500 |
| 2012-13 | 26 | 117000 |
| 2013-14 | 28 | 126000 |
| 2014-15 | 13 | 58500 |

വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന അക്വിറ്റൻസ് മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഗുണഭോക്തൃ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആനുകൂല്യം പുതുക്കി വാങ്ങുന്നവരുടേയും തൻവർഷം അനുവദിക്കുന്നവരുടേയും വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തി ഗുണഭോക്തൃ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ആനുകൂല്യം അനുവദിക്കുന്നവരിൽ കുറച്ചു വിദ്യാർത്ഥികൾ മാത്രമേ ആനുകൂല്യം പുതുക്കി വാങ്ങുന്നതായി കാണുന്നുള്ളു. ഇത് പദ്ധതിയുടെ നടത്തിപ്പ് കാര്യക്ഷമമല്ലെന്ന് കാണിക്കുന്നു. വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവികൾ, എസ്.സി. പ്രൊമോട്ടർമാർ എന്നിവരുടെ സഹകരണത്തോടെ പദ്ധതി കാര്യക്ഷമമായി നടത്തേണ്ടതാണ്.

ഡി. പ്രത്യേക പ്രോത്സാഹന സമ്മാനം

വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി പ്രകാരം പരീക്ഷ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | പ്രോൽസാഹന സമ്മാനം അനുവദിച്ച കുട്ടികളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| 2011-12 | 7 | 5750 |
| 2012-13 | 15 | 14000 |
| 2013-14 | 31 | 30250 |
| 2014-15 | 4 | 10000 |

വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ട് ജനറലിന് സമർപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ. ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | കുട്ടികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | പട്ടികജാതി | മറ്റർഹ വിഭാഗം | പട്ടികജാതി | മറ്റർഹ വിഭാഗം |
| 2011-12 | 4 | 2 | 3000 | 4000 |
| 2012-13 | 0 | 0 | 0 | 0 |
| 2013-14 | 0 | 3 | 0 | 6000 |
| 2014-15 | 15 | 0 | 21996 | 0 |

ധനസഹായം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകം രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

എഫ്. പാരലൽ കോളേജ് വിദ്യാഭ്യാസം

പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | പട്ടികജാതി | മറ്റർഹ വിഭാഗം | പട്ടികജാതി | മറ്റർഹ വിഭാഗം |
| 2011-12 | 13 | 16 | 72460 | 91343 |
| 2012-13 | 12 | 30 | 76923 | 191224 |
| 2013-14 | 13 | 33 | 87762 | 230949 |
| 2014-15 | 12 | 30 | 77204 | 186609 |

അക്വിറ്റൻസ് രജിസ്റ്ററിൽ നിലവിൽ വിദ്യാർത്ഥികളുടെ പേരും തുകയും മാത്രമാണ് ചേർത്തിട്ടുള്ളത്. ക്ലാസ്, ജാതി, ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് ഇനത്തിലുള്ള തുക എന്നിവ പ്രത്യേകം പ്രത്യേകമായി ചേർത്തിട്ട് ആകെ തുകയും രേഖപ്പെടുത്തേണ്ടതാണ്. ഉത്തരവ് നമ്പർ, ബിൽ വിവരങ്ങൾ എന്നിവയും ചേർക്കേണ്ടതാണ്. മേൽ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ജി. ഒ.ബി.സി സ്കോളർഷിപ്പ് (2011-12)

പദ്ധതി പ്രകാരം 2011-12 വർഷം ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 26.03.2012 ലെ B-1559/12 നമ്പർ ഉത്തരവ് പ്രകാരം 26 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2922200/- രൂപ അനുവദിച്ച് വിതരണം ചെയ്തു. സ്കൂളുകളിൽ നിന്നും തുകയുടെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമാക്കിയതിന്റെ വിവരവും വിദ്യാർത്ഥികളുടെ എണ്ണവും റിപ്പോർട്ട് ചെയ്യേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഭാഗം IV

മറ്റു പദ്ധതികൾ

എ. വിജ്ഞാൻ വാടി

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നെടുങ്കണ്ടം ബ്ലോക്കിലെ കരുണാപുരം പഞ്ചായത്തിലെ ചക്കക്കാനം കോളനിയിൽ സ്ഥാപിച്ച വിജ്ഞാൻവാടിയുടെ പ്രവർത്തനം നടന്നു വരുന്നുണ്ട്. ടി വിജ്ഞാൻവാടിയുടെ ആവർത്തന ചെലവുകൾക്കായി 2011-12 വർഷം 20929 രൂപയും 2012-13 വർഷം 9239 രൂപയും 2013-14 വർഷം 1576 രൂപയും 2014-15 വർഷം 9269 രൂപയും ചെലവഴിച്ചു. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നെടുങ്കണ്ടം ബ്ലോക്കിൽ 2 വിജ്ഞാൻവാടികൾ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്. രാജക്കാട് പഞ്ചായത്തിൽ ചെറുപുറം കോളനിയിൽ നിർമ്മിച്ച വിജ്ഞാൻവാടിക്ക് കമ്പ്യൂട്ടർ, മേശ, കസേര അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യം ലഭ്യമായിട്ടില്ല.

സേനാപതി പഞ്ചായത്തിലെ കാറ്റുതി പട്ടികജാതി കോളനിയിൽ നിർമ്മിച്ച വിജ്ഞാൻവാടിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ലഭ്യമായിട്ടുണ്ട്.

ഈ രണ്ടു വിജ്ഞാൻവാടികളുടെയും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

<u>ബി. സ്വയം പര്യാപ്ത ഗ്രാമം</u>

2012-13 വർഷം പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലെ ആദിയാർപുരം പട്ടികജാതി കോളനി തെരഞ്ഞെടുത്തു. പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലായിരുന്നു. ഇതു സംബന്ധിച്ചുണ്ടായ വിജിലൻസ് കേസ് നമ്പർ VC/5/15/IDK ആവശ്യത്തിലേക്കായി ഫയൽ 05.03.2015 ൽ VACB ഇടുക്കി മുട്ടം യൂണിറ്റ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. കേസിന്റെ നിലവിലെ സ്ഥിതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>സി. അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ 'വട്ടപ്പാറ ബി ഡിവിഷൻ' പട്ടികജാതി കോളനിയും 'പുതുകിൽ' പട്ടികജാതി കോളനിയും തെരഞ്ഞെടുത്തു. രണ്ടു കോളനികളിലെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമിതി കേന്ദ്രമാണ്. രണ്ട് കോളനികളിലേയും പദ്ധതികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം 17.03.2018 ൽ നടത്തി. നിർമ്മാണ പ്രവർത്തനം പുരോഗതിയിലാണ്. നിർമ്മാണങ്ങളുടെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

<u>ഡി. പട്ടികജാതി യുവതികൾക്ക് സൗജന്യ തയ്യൽ പരിശീലനം - SCA to SCP (2014-15)</u>

ഇടുക്കി ജില്ലാ കളക്ടറുടെ 19.12.2014 ലെ 605/14/DDO/IDK/SCA to SCP (4) പ്രകാരം 20 പട്ടികജാതി യുവതികൾക്ക് 50 ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നതിന് സബർമതി ഐശ്വര്യ വനിത സമാജം, രാജക്കാട്ട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിരുന്നു. ആയതിലേക്ക് 1,70,000/- രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. പരിശീലന പരിപാടി നടത്തുകയും വിനിയോഗ സർട്ടിഫിക്കറ്റും വിശദാംശങ്ങളും ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. പരിശീലനാർത്ഥികളുടെ അപേക്ഷകളും ജാതി സർട്ടിഫിക്കറ്റും പരിശോധനയ്ക്ക് ലഭ്യമായില്ല. പരിശീലന ആവശ്യത്തിനായി തയ്യൽ മെഷീൻ,

മേശ, കസേര, മറ്റു ഉപകരണങ്ങൾ എന്നിവ വാങ്ങിയ ഇനത്തിൽ 51000/- രൂപ ചെലവഴിച്ചിരുന്നു. ഈ ഉപകരണങ്ങളുടെ നിലവിലെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള വിവരവും ലഭ്യമല്ല.

മേൽ വിവരങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. പരിശീലനാർത്ഥികളിൽ എത്ര പേർ ഇപ്പോൾ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അറിയിക്കേണ്ടതാണ്.

ഇ. സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം

2011-12 വർഷത്തെ സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിനായി 17500 രൂപ ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും ലഭിച്ചിരുന്നു. 2011 ഒക്ടോബർ മാസം 13-ാം തീയതി നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തിന്റെ ബ്ലോക്ക് തല പരിപാടി നടത്തിയിട്ടുണ്ട്. ആയതിലേക്ക് തുക പൂർണ്ണമായി ചെലവഴിക്കുകയും 19.10.2011 ലെ എൻ.345/11 നമ്പർ കത്ത് പ്രകാരം വൗച്ചറുകളും പരിപാടിയെ സംബന്ധിച്ച റിപ്പോർട്ടും ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

എഫ്. സൈക്കിൾ വിതരണം

ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 26.09.2011 ലെ പി-2451/11 പ്രകാരം 8 ക്ലാസുകളിൽ പഠിക്കുന്ന 14 സ്കൂളുകളിലെ 141 വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിന് 3000/- രൂപ ക്രമത്തിൽ അനുവദിക്കുന്നതിന് 4,23,000 രൂപ ചെലവഴിച്ചു. സ്ഥാപന മേധാവികൾ തുക കൈപ്പറ്റിയതിന്റെ രസീതുകളും സൈക്കിൾ വാങ്ങിയ ഇനത്തിലുള്ള ബില്ലുകളും വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഭാഗം V

രജിസ്റ്ററുകൾ

എ. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

നിർദ്ദിഷ്ട മാതൃകയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നു. ദൈവാര ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തി വരുന്നു. 31.03.2015 ൽ 1879/- രൂപയുടെ സ്റ്റാമ്പ് നീക്കി ബാക്കി ഉണ്ട്. പരിശോധനാ ദിവസം (14.11.2018) ൽ നീക്കി ബാക്കി ഇല്ല. മറ്റു പരാമർശങ്ങൾ ഇല്ല.

ബി. ഫർണിച്ചർ രജിസ്റ്റർ

രജിസ്റ്റർ പരിപാലിച്ചു വരുന്നു. ഫർണിച്ചറിനും ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങൾക്കും പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല. വാർഷിക ഭൗതിക പരിശോധനാ സാക്ഷ്യപത്രവും ചുമതല കൈമാറ്റവും രേഖപ്പെടുത്തി വരുന്നുണ്ട്. ഫർണിച്ചറിനും, ഇലക്ട്രിക് & ഇലക്ട്രോണിക് ഉപകരണങ്ങൾക്കും പ്രത്യേകം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സി. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പരിശോധനാ കാലയളവിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡി. ഇൻകുബൻസ് രജിസ്റ്റർ

രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരിശോധന കാലയളവിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ നടത്തി ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇ. ആസ്തി രജിസ്റ്റർ

നിലവിൽ പരിപാലിക്കുന്നില്ല. ബ്ലോക്ക് പരിധിയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ പൂർണ്ണമായ വിവരങ്ങളും സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എഫ്. പേ ബിൽസ് രജിസ്റ്റർ

പരിശോധനാ കാലയളവിൽ രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

ജി. കണ്ടിജന്റ് ബിൽസ് രജിസ്റ്റർ

പരിശോധനാ കാലയളവിൽ കണ്ടിജന്റ് ബിൽസ് രജിസ്റ്റർ പരിപാലിച്ചു വരുന്നു. വിവിധ ശീർഷകങ്ങളിൽ അനുവദിക്കുന്ന തുകകളിൽ സാമ്പത്തിക വർഷാവസാനം തിരികെ നൽകുന്ന തുകകളെ സംബന്ധിച്ച രേഖപ്പെടുത്തലുകൾ കൂടി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

എച്ച്. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി

പരിശോധനാ കാലയളവിൽ വർക്ക് ഡയറി എഴുതി സൂക്ഷിച്ചിട്ടുണ്ട്. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങളിൽ അതിനെക്കുറിച്ചുള്ള ലഘു വിവരണങ്ങൾ ഡയറിയിൽ ഉൾപ്പെടുത്തേണ്ടതാണ്. വർക്ക് ഡയറി ജി.ഒ.(പി)86/2010 തീയതി 28.07.2010 ൽ നിഷ്കർഷിക്കുന്നത് പ്രകാരം തയ്യാറാക്കേണ്ടതാണ്.

പൊതു അഭിപ്രായം

നെടുമങ്ങാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. നെടുമങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ഓഫീസിനു മതിയായ സ്ഥല സൗകര്യവും മറ്റു അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളോടും ഗുണഭോക്താക്കളോടും തൃപ്തികരമായ പ്രവർത്തനമാണ് നടത്തുന്നത്. രജിസ്റ്ററുകളുടേയും അനുബന്ധ രേഖകളുടേയും സൂക്ഷിപ്പിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്.

സീനിയർ ഫിനാൻസ് ഓഫീസർ